## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1825    16.06.2014-ൽ മറുപടിയ്ക്ക്**

**<u>മാവോയിസ്റ്റ് ആക്രമണ ഭീഷണി നേരിടൽ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | മാവോയിസ്റ്റ് ആക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ അവയെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത വടക്കൻ മേഖലയിലെ പോലീസ് സ്റ്റേഷനുകളിൽ മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിനായി ഉദ്യോഗസ്ഥരെ അധികമായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് ആധുനിക രീതിയിൽ ഉള്ള ആയുധങ്ങളും മറ്റു ഉപകരണങ്ങളും നൽകിയിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ ഉപയോഗത്തിനായി പുതിയ വാഹനങ്ങൾ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ആശാസ്യമല്ല. |
| ബി) | ഇത്തരം സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസ് സേനയെ വിന്യസിച്ചിട്ടുണ്ടോ ; | (ബി) | മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത വടക്കൻ മേഖലയിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിനു പോലീസ് സേനയെ വിന്യസിച്ചിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ ആക്രമണത്തെ നേരിടുന്നതിന് ആവശ്യമായ ആയുധങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം സേനയ്ക്ക് നൽകിയിട്ടുണ്ടോ? | (സി) | മാവോയിസ്റ്റ് ആക്രമണത്തെ നേരിടുന്നതിനു ആവശ്യമായ ആയുധങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം സേനയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ